

# വെളയനാട് സെന്റ് മേരീസ് ഇടവക

പരിശുദ്ധ കന്യകാമറിയത്തിന്റെ (വെളയനാട്ടമ്മയുടെ) നാമധേയത്തിൽ വെളയനാട് ഒരു പുരാതന ദേവാലയം ഉണ്ടായിരുന്നതായി ചരിത്രം രേഖപ്പെടുത്തുന്നുണ്ട്.

അക്കാലത്ത് ഈ പ്രദേശം കൊച്ചി മഹാരാജാവിന്റെ കീഴിലായിരുന്നു. വെളയംകോട് എന്നായിരുന്നു ഈ പ്രദേശത്തിന്റെ പേര്. കൊച്ചിയുടെ സാമന്തരാജാവായിരുന്ന അച്ചൻ തിരുകണ്ണൻ എന്ന നാട്ടുരാജാവായിരുന്നു ഇവിടത്തെ ദേശാധിപതി. കൊച്ചിമഹാരാജാവ് ഈ നാട്ടുരാജാവിനെ കീഴ്പ്പെടുത്തുകയും വെളയംകോട് കൊച്ചിയുടെ അധീനതയിലാകുകയും ചെയ്തു. അങ്ങനെയിരിക്കെ വെളയംകോടിനടുത്തുള്ള മുകുന്ദപുരത്ത് എത്തിച്ചേർന്ന മഹാരാജാവിനെ നാട്ടുകാരായ ക്രിസ്ത്യാനികൾ "തട്ടിലെ മുത്തി"യുടെ നേതൃത്വത്തിൽ മുഖം കാണിക്കുകയും ആരാധനയ്ക്കായി സ്ഥലം ഇല്ലാത്ത സങ്കടം തിരുമനസ്സിൽ ഉണർത്തിക്കുകയും ചെയ്തു. തത്ഫലമായി മഹാരാജാവിന് അലിവ് തോന്നി പള്ളിപണിക്കായി നാലു വിളിപ്പാടകലെയുള്ള കുന്നിന്റെ തെക്കേ ചെരിവിൽ സ്ഥലം അനുവദിച്ചുകൊടുത്തു.

## പള്ളി

ഇപ്രകാരം എ.ഡി. 900-ാമാണ്ടിൽ എളിയതോതിൽ പള്ളി പണിത് തിരുക്കർമ്മങ്ങൾ അനുഷ്ഠിച്ചുകൊണ്ടിരുന്നു. ഇങ്ങനെ രണ്ട് നൂറ്റാണ്ട് പിന്നിട്ടു. 1100-ൽ പുതിയൊരു പള്ളി നിർമ്മിക്കുകയുണ്ടായി. പ്രസ്തുത ദേവാലയമാണ് ഇന്നത്തെ തള്ളപ്പള്ളിയായി നിലകൊള്ളുന്നത്. അതിമനോഹരമായ വാസ്തുശില്പകലയിൽ രൂപകല്പന ചെയ്തിട്ടുള്ള ഈ പുരാതന ദേവാലയവും മദ്ബഹായും പുനരുദ്ധരിച്ച് സംരക്ഷിക്കപ്പെട്ടിരിക്കുന്നു. പരമ്പരാഗതമായ രീതിയിൽ കിഴക്ക് മദ്ബഹായോടുകൂടി പടിഞ്ഞാറ് മോണ്ഡള (നടപ്പുര) മായിട്ടാണ് പള്ളി. പുരാതന ദേവലയത്തിന് സമീപം പിന്നീട് സമിത്തേരിയും വൈദിക മന്ദിരവും പണിത് ഉപയോഗപ്രദമാക്കി.

ജലഗതാഗത സൗകര്യമുണ്ടായിരുന്ന ഈ വെളയംകോട് പ്രദേശം പുരാതന കാർഷികമേഖലയായിരുന്നു. നെല്ല്, തെങ്ങ്, കുരുമുളക് തുടങ്ങിയ കാർഷിക സമൃദ്ധി



പുരാതന ദൈവാലയം

യുടെ ഈ നാട് അചിരേണ വിളവിന്റെ നാട് അഥവാ വെളയനാട് എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി. ചിലപ്പോൾ വെളിയനാട് എന്നും രേഖപ്പെടുത്തി കാണുന്നുണ്ട്. വെളയനാട് പ്രദേശം വാണിജ്യകേന്ദ്രമായ മുസിരിസുമായി (ഇന്നത്തെ കൊടുങ്ങല്ലൂർ) വളരെ അടുത്ത സമ്പർക്കം പുലർത്തിയിരുന്നു. അതിനാൽ, ക്രിസ്തുവർഷം രണ്ടാം നൂറ്റാണ്ടിലും പിന്നീട് ഒമ്പതാം നൂറ്റാണ്ടിലും കൊടുങ്ങല്ലൂരിൽ മതമർദ്ദനമുണ്ടായപ്പോൾ അവിടെനിന്ന് ക്രിസ്ത്യാനികൾ വെളയംകോട് ഉൾപ്പെടെയുള്ള അയൽപ്രദേശങ്ങളിലേയ്ക്ക് കുടിയേറി പാർത്തതായി ചരിത്രം സാക്ഷിക്കുന്നു.

1789-ൽ ടിപ്പുസുൽത്താന്റെ പടയോട്ടത്തിൽപ്പെട്ട് കേടുപാടുകൾ സംഭവിച്ചതാണ് ഇവിടത്തെ പുരാതന ദേവാലയം. മരംകൊണ്ട് നിർമ്മിച്ച മനോഹരമായ പുരാതന തിരുസ്വരൂപങ്ങൾ ടിപ്പുവിന്റെ പടയാളികൾ വെട്ടിവിരൂപമാക്കുകയുണ്ടായി. അക്കാലത്ത് ഈ ഇടവകയുടെ പരിധിയിലായിരുന്ന പട്ടേപ്പാടത്തിനടുത്തുള്ള സ്ഥലം കുതിരപ്പടയുടെ താവളമായി ഉപയോഗിച്ചു. ആ സ്ഥലം പിന്നീട് കുതിരത്തടം എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി. 1789-ലെ പടയോട്ടത്തിൽ ടിപ്പുസുൽത്താൻ ഇവിടത്തെ പള്ളിയെ ആക്രമിച്ചതിന്റെ നിരവധി തെളിവുകൾ ഇവിടെ ഇന്നും ലഭ്യമാണ്.



പുനരുദ്ധരിച്ച പുരാതന ദൈവാലയം



സെന്റ് തോമാസ് കപ്പേള

## വേർപിരിഞ്ഞുപോയ ഇടവകകൾ

ഇരിങ്ങാലക്കുടയിലും പരിസര പ്രദേശങ്ങളിലുമുള്ള ദേവാലയങ്ങളിൽ പലതും ഈ ഇടവകയിൽ നിന്ന് കാലാകാലങ്ങളിൽ സൗകര്യാർത്ഥം പിരിഞ്ഞു പോയിട്ടുള്ളതാണ്. കല്പറമ്പ്, ഇരിങ്ങാലക്കുട, കല്ലേറ്റുംകര, അവിട്ടത്തൂർ, നടവരമ്പ്, കടുപ്പശ്ശേരി, കൊറ്റനെല്ലൂർ, തുമ്പൂർ, കുതിരത്തടം എന്നിവയുടെയും ഇവയിൽ നിന്ന് പിന്നീട് രൂപം കൊണ്ട മറ്റു പള്ളികളുടെയും തള്ളപ്പള്ളി ഇതുതന്നെ.

## സ്കൂൾ

നാട്ടിലെ നാനാജാതി മതസ്തരുടെ നന്മയ്ക്കായി 1925-ൽ പഴയ പള്ളിയുടെ പടിഞ്ഞാറുഭാഗത്ത് പ്രൈമറി വിദ്യാഭ്യാസത്തിനുവേണ്ടി പള്ളിക്കൂടം, എൽ.പി. സ്കൂൾ സ്ഥാപിതമായി. അതിന് നേതൃത്വം നല്കിയത് അന്ന് പള്ളിവികാരിയായിരുന്ന വടക്കുഞ്ചേരി ബഹു. യാക്കോബ് അച്ചനായിരുന്നു. പിന്നീട് സൗകര്യാർത്ഥം പള്ളിയുടെ പടിഞ്ഞാറെ പറമ്പിലേയ്ക്ക് (ഇപ്പോഴത്തെ സ്ഥലം) മാറ്റി സ്ഥാപിക്കുക



സെന്റ് മേരീസ് എൽ.പി. സ്കൂൾ

യുണ്ടായി.

## പുതിയ പള്ളി, വൈദിക മന്ദിരം

1969-ൽ ബഹു. ആന്റണി ചിറയത്ത് അച്ചൻ വികാരിയായി വന്നതിനുശേഷം പുതിയ പള്ളി എത്രയും വേഗം പണിയാനുള്ള ആലോചനകൾ തുടങ്ങി. പഴയ പള്ളിപ്പറമ്പിന്റെ തൊട്ട് പടിഞ്ഞാറുള്ള പള്ളിവക വിശാലമായ പറമ്പിൽ റോഡിന് അഭിമുഖമായി പുതിയ പള്ളി പണിയാൻ നിശ്ചയിച്ചു. 1970 ജൂലൈ 19-ന് തൃശ്ശൂർ മെത്രാൻ മാർ ജോർജ്ജ് ആലപ്പാട്ടാണ് പള്ളിയുടെ അടിസ്ഥാനശില വെഞ്ചിരിച്ച് സ്ഥാപിച്ചത്. പണികൾ വേഗം പുരോഗമിച്ചു. ഒരു വർഷത്തിനകം പണിതീർത്ത് 1971-ൽ ഇടവക മദ്ധ്യസ്ഥയായ പരി. കന്യകാമാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാളിൽ (ആഗസ്റ്റ് 15-ാം തിയ്യതി) അഭിവന്ദ്യപിതാക്കന്മാരായ മാർ ജോർജ്ജ് ആലപ്പാട്ട്, മാർ ജോസഫ് കുണ്ടുകുളം (തൃശ്ശൂർ മെത്രാൻ), മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി (എറണാകുളം സഹായമെത്രാൻ) എന്നിവരുടെ കാർമ്മികത്വത്തിൽ നവീന ദേവാലയത്തിന്റെ കൂദാശാകർമ്മം സാഘോഷം നടത്തി. അതോടൊപ്പം നിർമ്മിച്ച



വൈദിക മന്ദിരം

പുതിയ വൈദിക മന്ദിരവും അന്നേദിവസം പിതാക്കന്മാർ വെഞ്ചിരിക്കുകയുണ്ടായി. തുടർന്ന് പുതിയ പള്ളിയാണ് സാധാരണയായി ഉപയോഗിച്ചിരുന്നതെങ്കിലും പഴയ പള്ളിയുടെ മദ്ബഹാ ഉൾപ്പെടെ പ്രധാനഭാഗം നിലനിർത്തി സംരക്ഷിക്കുകയും പഴയ സിമിത്തേരി തന്നെ ഉപയോഗിക്കുകയും ചെയ്യുന്നു.

## C.S.S. കോൺവെന്റ് & വൃദ്ധമന്ദിരം

ബഹു. ജോസഫ് ചിറ്റിലപ്പിള്ളി (Sr.) അച്ചൻ രണ്ടാം പ്രാവശ്യം വികാരിയായിരുന്ന കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ ഉത്സാഹത്താൽ 1978-ൽ സമരിറ്റൻ സിസ്റ്റേഴ്സിന്റെ അസംഷൻ കോൺവെന്റ് സ്ഥാപിതമായി. 11.1.1981-ലാണ് മഠത്തിന്റെ പുതിയ കെട്ടിടം പണിതീർത്ത് വെഞ്ചിരിച്ചത്. അതിനോട് ചേർന്ന് ഡിസ്പെൻസറി, സോഷ്യൽ സെന്റർ, നഴ്സറി ക്ലാസ് എന്നിവ ആരംഭിച്ചു. ഇക്കാര്യത്തിനുവേണ്ടി പഴയ പള്ളിപ്പറമ്പിന്റെ ഒരു ഭാഗം പള്ളിയിൽ നിന്ന് ദാനമായി ബഹു. സിസ്റ്റേഴ്സിന് നല്കുകയുണ്ടായി. 2004-ൽ ബഹു. സിസ്റ്റേഴ്സ് അസംപ്ഷൻ ഭവൻ എന്ന പേരിൽ ഒരു വൃദ്ധമന്ദിരം ആരംഭിച്ച് പ്രവർത്തിക്കുന്നുണ്ട്.



അസംപ്ഷൻ ഡിസ്പെൻസറി & സോഷ്യൽ സെന്റർ (CSS)



അസംപ്ഷൻ ഭവൻ - കോൺവെന്റ് & വൃദ്ധമന്ദിരം (CSS)

## വളർച്ചയുടെ പാതയിൽ

പള്ളിക്കുസമീപമുള്ള കപ്പേള പണിതത് ബഹു. ആന്റണി തെക്കിനേത്ത് അച്ചൻ വികാരിയായിരുന്നപ്പോഴാണ്. ബഹു. ആന്റണി മഞ്ഞളി അച്ചന്റെ ഉത്സാഹത്തിലാണ് (1999-2003), ജീർണ്ണാവസ്ഥയിലായിരുന്ന പഴയ പള്ളി പുനരുദ്ധരിച്ച് ഭംഗിയായി രൂപകല്പന ചെയ്തതും നവീകരിച്ചതും മരണാവശ്യ സഹായസംഘത്തിന്റെ നേതൃത്വത്തിൽ ക്രിസ്തുജയന്തി-2000 എന്ന സ്മാരകമന്ദിരം പണിതതും. അതോടൊപ്പം ജനങ്ങൾക്ക് വേണ്ട ടോയ്ലെറ്റ് സൗകര്യങ്ങളും സജ്ജീകരിച്ചു. കൂടാതെ, പാരിഷ് ബുള്ളറ്റിൻ (മാതൃജ്യോതിസ്സ്) അച്ചടിച്ച് പ്രസിദ്ധീകരിച്ചു. പ്രൈമറി സ്കൂൾ നവീകരിക്കുകയും



സെന്റ് ആന്റണീസ് കപ്പേള



പൂന്തോപ്പ് കപ്പേള

സ്ക്കൂളിന്റെ പ്ലാറ്റിനം ജൂബിലിവേളയിൽ കുട്ടികൾക്കുവേണ്ടി പാർക്ക് നിർമ്മിക്കുകയും ജൂബിലി സ്മരണിക പ്രസിദ്ധീകരിക്കുകയും ചെയ്തു. 2003-2006-ൽ ബഹു. പോൾ ചിറയത്ത് അച്ചന്റെ പരിശ്രമ ഫലമായി ക്രിസ്തുജയന്തി-2000 എന്ന കെട്ടിടത്തിന്റെ 2-ാം നില മതബോധന ക്ലാസ്സിനുവേണ്ടി പണിത് മത ബോധന ക്ലാസ്സ് മുറികളും ഓഫീസും സൗകര്യപ്പെടുത്തുകയുണ്ടായി.

2006-ൽ വികാരിയായി ചാർജ്ജെടുത്ത ബഹു. തോമസ് നാട്ടേക്കാടനച്ചൻ പഴയപള്ളിയും പുതിയ പള്ളിയും നവീകരിച്ചു. താഴത്തെ പള്ളിയുടെ മദ്ബഹായും സീലിങ്ങും അതിമനോഹരമാക്കി. പുതിയ പള്ളിയുടെ അൾത്താരയും മദ്ബഹായും നവീകരിക്കുകയും പള്ളിയകത്ത് സീലിങ്ങ് നടത്തുകയും വൈദ്യുതീകരണം വിപുലമാക്കുകയും ചെയ്തു.



പരി. വ്യാകുലമാതാവിന്റെ പുരാതന രൂപം



മാതാവിന്റെ പുരാതന പ്രതിമ



ക്രിസ്തുജയന്തി - 2000 സ്മാരകം

ജനോപകാരപ്രദമായ ട്രസ്റ്റിന് രൂപം നല്കുകയും ചെയ്തു. ബഹു. ബെന്നി അരിമ്പുള്ളിയച്ചനാണ് ഇപ്പോഴത്തെ വികാരി

## പുത്തരി തിരുനാൾ

ഇടവക മദ്ധ്യസ്ഥയായ പരി. ദൈവമാതാവിന്റെ സ്വർഗ്ഗാരോപണത്തിരുന്നാളാണ് ഇടവകയിലെ ഏറ്റവും പ്രധാന ആഘോഷം; ആഗസ്റ്റ് 15-ാം തിയ്യതിയാണ് ഭക്തിനിർഭരമായി തിരുന്നാൾ കൊണ്ടാടുന്നത്. വ്യക്തികളോ കുടുംബങ്ങളോ ഈ തിരുനാൾ ഏറ്റു കഴിക്കാറുണ്ട്. പഴമക്കാർ ഈ തിരുനാളിനെ ചിങ്ങം 5-ാം തിയ്യതി തിരുനാൾ എന്നും "പുത്തരി തിരുനാൾ" എന്നും വിളിച്ചിരുന്നു. പരി. വെളയനാട്ടമ്മയുടെ തിരുനാൾ 2006 മുതൽ ഊട്ടുതിരുനാളായി സാഘോഷം കൊണ്ടാടുന്നു. ശക്തമായ മതസൗഹാർദ്ദത്തിന്റെ പശ്ചാത്തലമാണ് ഇവിടെയുള്ളത്. പണ്ടുമുതലേ അക്രൈസ്തവരും "ഞങ്ങളുടെ അമ്മ" എന്ന് വെളയനാട്ടമ്മയെ വിളിച്ചപേക്ഷിക്കുന്ന പാരമ്പര്യം ഇവിടെ നിലനിൽക്കുന്നു.



കരുവാപ്പടി സെന്റ് സെബാസ്റ്റ്യൻ കപ്പേള



കരിങ്കല്ലിൽ തീർത്ത
മാമോദിസ തൊട്ടി



കരിങ്കല്ലിൽ തീർത്ത
മാതാവിന്റെ രൂപം



പുരാതന ദേവാലയത്തിന്റെ മദുബഹാ